മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഇപ്പോഴുള്ള ഇൻഡസ്ട്രിയൽ സ്കൂളുകളെക്കൊണ്ടു വല്ല ഉപകാരവുമുണ്ടെന്നു ഗവമ്മെണ്ടു വിചാരിച്ചിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഇൻഡസ്ട്രിയൽ സ്കൂളുകളെക്കൊണ്ടു വലുതായ ഗുണമൊന്നുമില്ലെന്നു ഞാൻ ഈ കൌൺസിലിൽ പലപ്പോഴും പറയുകയുണ്ടായിട്ടുണ്ടു. Take it for what it is worth. That is my individual opinion. കുറെ സ്കൂൾ മാസ്റ്റർമാക്കു ശമ്പളം കൊടുക്കുവാൻമാത്രമെ അതുകൊണ്ടു പ്രയോജനമുള്ളുവെന്നു ഞാൻ വിശദമായി പറഞ്ഞിട്ടുണ്ടു".

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ അഭിപ്രായം ഉള്ളതുകൊണ്ടു കുറേശ്ശെ കുറേശ്ശെയായി ചുരുക്കി ഇൻഡസ്ട്രിയൽ സ്കൂൾതന്നെ തീരെ ഇല്ലാതെയാക്കാമൊ?

ഡോക്ടർ എ. ആർ മേനോൻ: ബാക്കിയുള്ള ചിലവുകൾ ചുരുക്കുന്ന കൂട്ടത്തിൽ ഇതും ചെയ്യാമെന്നല്ലാതെ മറെറാന്നും സാദ്ധ്യമല്ല. ഇതിനേക്കാൾ വലിയ ഇൻഡസ്ട്രിയൽ സ്കൂളുകളുള്ളപ്പോൾ ഇവിടെ നിവൃത്തിയാൽ അവർ മറേറപ്പുറത്തേക്കു പോകും. അതുകൊണ്ടു് അവരുടെ സമ്മതംകൂടി വേണ്ടെ? അതല്ലേ ഇതിനുള്ള ബുദ്ധിമുട്ടു്".

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെകായ്യം തുറന്നു പറഞ്ഞാൽ മതി.

ഡോക്ടർ എ. ആർ. മേനോൻ: ഒന്നുകിൽ ഇതെല്ലാം അവർ ഏറെറടുക്കട്ടെ. അല്ലെങ്കിൽ ബാക്കിയുള്ളതുംകൂടി ഇങ്ങോട്ടു് ഏല്പിച്ചാൽ മതി. തുറന്നതന്നെയാണു ഞാൻ പറയുന്നതു്".

Mr. A. B. Salam *(Mattancheri):* May I know Sir, whether the Industries Department is serving two masters?

Dr. A. R. Menon *(Minister for Rural Development):* Yes, Sir. It is divided into two.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ സ്കൂളുകളെല്ലാം ബഹുമാനപ്പെട്ട മന്ത്രിയവർകളുടെ കീഴിലാണൊ?

ഡോക്ടർ എ. ആർ. മേനോൻ: അല്ല. തൊട്ടാവാടി സ്കൂളുകൾമാത്രമെ എന്റെ കീഴിലുള്ളു. അതുകൊണ്ടു് ഈ കാര്യത്തിനുവേണ്ടി ഒരു റസല്യൂഷൻ ഈ സഭയിൽ മെമ്പർമാരിൽ ആരെങ്കിലും അവതരിപ്പിച്ചാൽ അതു പാസാകുന്നപക്ഷം വേണ്ടപ്രകാരത്തിൽ ചെയ്യാം. One of you, Honourable members, Move a resolution and get it carried by the House. Give me direction and I will carry it out.

മിസ്റ്റർ സി. വി. ഇയ്യു: മിനിസ്റ്റർ സ്ഥാനം സ്വീകരിക്കുന്ന സമയത്തു് ഇത്തരം ഗ്രാമീണ സ്കൂളുകൾ ട്രാൻസ്ഫേർഡ് ഹാഫിൽ പെട്ടതാണെന്നറിഞ്ഞിട്ടല്ലെ സ്വീകരിച്ചതു്?

ഡോക്ടർ എ. ആർ. മേനോൻ: ഈ ചോദ്യത്തിനു മറുപടി പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

DEPRESSED CLASS HOSTELS—WORKING OF

153. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) എറണാകുളം ഹരിജൻ ഹോസ്റ്റൽ, എറണാകുളം എസ്സ്. എൻ. വി. സദനം, തൃശ്ശിവപേരൂർ അധഃകൃത ബാലികമാക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റൽ എന്നിവിടങ്ങളിൽ എത്രയെത്ര കുട്ടികൾക്കാണ് അഡ്മിഷനുള്ളത്;

(ബി) ഇവക്ക് അഡ്മിഷൻ അനുവദിച്ചതെന്നാണ്;

(സി) എറണാകുളം ഹരിജൻ ഹോസ്റ്റലിലേക്കുള്ള സാമാനങ്ങളുടെ ൧൧൧൫ — ൧൧൧൯, ൧൧൧൯ — ൧൧൧൱, ൧൧൧൱ — ൧൧൧൯ എന്നീ കൊല്ലങ്ങളിൽ ടെണ്ടർ കൊടുത്തപ്പോൾ അരിവില എത്രവീതമായിരുന്നു;

(ഡി) ഹരിജൻ ഹോസ്റ്റൽ, എസ്സ്. എൻ. വി. സദനം, തൃശ്ശിവപേരൂർ അധഃകൃത വിദ്യാർത്ഥിനികൾക്കുള്ള ഹോസ്റ്റൽ, എന്നിവിടങ്ങളിലെ ഓരോ കുട്ടിക്കും പ്രതിമാസം എത്രവീതമാണ് ചിലവ് അനുവദിച്ചിട്ടുള്ളത്?

ഡോക്ടർ എ. ആർ. മേനോൻ:

(എ) എറണാകുളം ഹരിജൻ ഹോസ്റ്റൽ ൨ ൦.
എറണാകുളം എസ്സ്. എൻ. വി. സദനം ൰.
തൃശ്ശിവപേരൂർ ഹരിജൻ ഗേൾസ് ഹോസ്റ്റൽ ൧ ൦.

(ബി) എറണാകുളം ഹരിജൻ ഹോസ്റ്റൽ ൨—൧൧—൧൱
എറണാകുളം എസ്സ്. എൻ. വി. സദനം ൨—൧൧—൧൱.
തൃശ്ശിവപേരൂർ ഹരിജൻ ഗേൾസ് ഹോസ്റ്റൽ ൯—൧൧—൧൱.

(സി) ൧൧൧൯—൧൮ നെടിയരി പറ൧-ക്ക് ക. ൧—൦—൦
൧൧൧൮—൧൱ ടി ടി ക ൧—൮—൦.
൧൧൧൱—൧൯ ടി ടി ക. ൧—൰—൦.

(ഡി) എറണാകുളം ഹരിജൻ ഹോസ്റ്റലിലും, തൃശ്ശിവപേരൂർ ഹരിജൻ ഗേൾസ് ഹോസ്റ്റലിലും ക്ഷേണത്തിനുവേണ്ടിമാത്രം ൮-ം, ൱-ം ഉറപ്പിക വീതവും എറണാകുളം എസ്സ്. എൻ. വി. സദനത്തിൽ എല്ലാ ചിലവുകൾക്കും കൂടി പ്രതിമാസം ൱ക. വീതവും ആണ് ഓരോ കുട്ടിക്കും ചിലവ് അനുവദിച്ചിട്ടുള്ളത്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഹോസ്റ്റലിൽ കുട്ടികൾക്കു അഡ്മിഷൻ അനുവദിക്കുന്നതിനു പ്രത്യേകിച്ചു വല്ല വ്യവസ്ഥയുമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അപേക്ഷകൾ ധാരാളം വരും. മാർക്കും മറ്റും കൂടുതലുള്ള കുട്ടികളെ നോക്കിയാണ് കൊടുക്കുന്നത്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: അവർക്കു പഠിക്കുവാൻ സാധിക്കുന്ന ഏറ്റവും അടുത്ത സ്കൂളുകൾ ൧൦ നാഴികയിൽ കൂടുതൽ അകലമുള്ളതാണെന്നു കാണിച്ചുകൊണ്ടുള്ള അപേക്ഷകന്മാർക്കു ഹോസ്റ്റലിൽ അഡ്മിഷൻ കൊടുക്കാതിരുന്നിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: എല്ലാവർക്കും കൊടുക്കുവാൻ സംഖ്യ മതിയാകയില്ല. ആദ്യം പത്തുപേർക്ക് അഡ്മിഷൻ കൊടുത്തിരുന്നു. പിന്നെ ൧൫ ആക്കി, ൨൦ ആക്കി, ഇപ്പോൾ ൨൫ പേർക്കു കൊടുക്കുവാൻ തരമുണ്ടെങ്കിൽ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. എല്ലാവർക്കും അഡ്മിഷൻ കൊടുക്കണമെന്നുപറഞ്ഞാൽ അതു ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ഹോസ്റ്റലിനു് ഇപ്പോൾ അനുവദിക്കാവുള്ള സംഖ്യ കൊണ്ടു് ഈ കാലസ്ഥിതിക്കു മതിയാകുമൊ ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെക്കുറിച്ചു റിപ്പോർട്ടുചെയ്യാൻപോകുന്നുണ്ടു്. അഞ്ചുരൂപ്പിക കൊടുത്തുവരുന്നതു് ആറുരൂപ്പികയാക്കണമെന്നു് എഴുതിയയക്കുന്നുണ്ടു്. ബാക്കികായ്ങ്ങൾ എങ്ങിനെയെങ്കിലും ആകട്ടെ, വയറുനിറയെ ചോറുകൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

Mr. K. R. Viswambharan *(Ezhuvas-Talappalli):* The Cotton Hostel which existed at Trichur till very recently could accommodate 20 Harijan boys and now that institution has been abolished, and in that place a Girls' Hostel has been established. Now only accommodation for 10 girls has been provided in that hostel, whereas in the abolished Cotton Hostel, there was accommodation for 20. Why was this reduction made?

Dr. A. R. Menon *(Minister for Rural Development):* It is because 8 girls are taken here at Ernakulam and 10 there at Trichur. Therefore the total comes to 18. We have now taken 10 girls there. However, if occasion arises we will take one or two more.

മിസ്റ്റർ പി. കെ. കൃഷ്ണൻ: അധികം അകലെനിന്നു വരുന്ന എത്ര കുട്ടികളുടെ അപേക്ഷകളും കിട്ടീട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ: ഇപ്പോൾ മൂന്നൊ നാലൊപേക്ഷ കൊടുത്തിട്ടുണ്ടു്. എത്ര അപേക്ഷകളാ കിട്ടീട്ടുണ്ടെന്നു പറയുവാൻ തരമില്ല. ഇപ്പോഴുള്ള ഫണ്ടുകൊണ്ടു് ഇതിലധികംപേർക്കു കൊടുക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഹരിജന വിദ്യാർത്ഥികൾക്കുള്ള ഈ ഹോസ്റ്റലിൽ എങ്ങിനെയുള്ളവർക്കാണു് അഡ്മിഷൻ കൊടുത്തുവരുന്നതു് ? നാട്ടുകാർക്കൊ അതൊ ദൂരെനിന്നും വരുന്നവർക്കൊ ?

ഡോക്ടർ എ. ആർ. മേനോൻ: സാധാരണയായി കോളേജിൽ പഠിക്കുന്ന കുട്ടികൾക്കായിട്ടാണ തുടങ്ങിയിരിക്കുന്നതു്. അധികപക്ഷവും നാട്ടുകാരുടെ ഉപയോഗത്തിനല്ല. ഇപ്പോൾ രണ്ടുനാഴിക അകലെനിന്നും മിസ്റ്റർ വള്ളോന്റെ കുട്ടികൾതന്നെ വരുന്നുണ്ടു്, അതൊരു സ്പെഷ്യൽ കേസാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തൃശ്ശിവപേരൂർ കോട്ടൺ ഹോസ്റ്റലിൽ അധികഭാഗം വിദ്യാർത്ഥികളും അതിനടുത്തുള്ള പ്രദേശക്കാരല്ലെ ?

ഡോക്ടർ എ. ആർ. മേനോൻ: പുറമെനിന്നു് ആരും വന്നിട്ടില്ലായിരിക്കാം. സാധാരണയായി മുഴുവനും കൊടുത്തുവരുന്നതു പുറമെയുള്ളവർക്കാണു്. ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം ഒരു കുട്ടിക്കൊ മറ്റൊ കൊടുത്തിട്ടുണ്ടു്. അയാൾ ഒന്നൊ രണ്ടൊ നാഴിക അകലെയുള്ളവനാണു്

LIBRARY ARCHIVES Kerala Legislative Assembly